


# ദുഃഖവെള്ളി

ഫാ. റോബിൻ കാരിക്കാട്ട് MCBS

Vol. 10, Issue: 50

ഇന്ന് ലോകം മുഴുവനും ക്രിസ്തുവിന്റെ കുരിശുമരണത്തിന്റെ ഓർമ്മയാചരിക്കുന്ന പ്രാർത്ഥനാദിവസമാണ്. ഇത്രമാത്രം ഈശോയുടെ കുരിശുമരണം ജീവിതത്തോട് ചേർന്നുനിന്ന ദിനങ്ങൾ ഒരുപക്ഷേ, നമ്മുടെ പലരുടെയും ജീവിതത്തിൽ കണ്ടെത്താൻ കഴിഞ്ഞെന്നുവരില്ല. കാരണം, കാൽവരിയും, കുരിശിന്റെ വഴിയും, പള്ളിയും, പള്ളിപ്പരിസരങ്ങളും വിട്ട് ഭവനത്തിലായിരിക്കുകയാണ്. ഒരുപക്ഷേ, ജീവിതത്തിലൊരിക്കലും നമ്മളിലാരും തന്നെ ഇതുപോലൊരു ദുഃഖവെള്ളിയാഴ്ച ആചരിച്ചുകാണില്ല.

ദൈവാലയത്തിന്റെ നാലു ഭിത്തികളിലും പതിഞ്ഞിരിക്കുന്ന 14 സ്ഥലങ്ങൾ - ദുഃഖവെള്ളിയാഴ്ച വഴിയോരങ്ങളിലേയ്ക്കു നീളുന്ന 14 സ്ഥലങ്ങൾ ഇന്ന് ഭവനത്തിന്റെ അകത്തും മുറിയുടെ ചുവരുകളിലും സ്ഥാനം പിടിച്ചിരിക്കുകയാണ്. കുരിശിന്റെ വഴിയിൽ നാം പ്രാർത്ഥിക്കുന്നതുപോലെ, "പരിശുദ്ധ അമ്മേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കേണമേ."

പ്രിയമുള്ളവരേ, ഈശോയുടെ കുരിശിൻ ചുവട്ടിലേയ്ക്കു പോകുമ്പോൾ ഒരുപാടു പേരെ നമുക്കവിടെ കാണുവാൻ കഴിയും. എന്നാൽ, അതുപോലെ കാണേണ്ട പലരെയും അവിടെ കാണാനും കഴിയില്ല. കുരിശിന്റെ വഴിയുടെ പ്രത്യേകതയാണത്. പലർക്കുമത്ര സുഖമുള്ള വഴിയല്ല അത്. കുരിശിന്റെ ഓർമ്മകൾ ദുഃഖവെള്ളിയുടെ കയ്പുനീരിലേയ്ക്കൊതുങ്ങുമ്പോൾ കർത്താവ് തീരുമാനിച്ചു അതിൽ തീരേണ്ടതല്ല രക്ഷയുടെ ഓർമ്മയെന്ന്. അങ്ങനെ അവിടുന്ന് സഹനങ്ങളനുവദിച്ചു. ഏകാന്തതയുടെ അടച്ചിട്ട മുറികളിൽ ഗത്സമെനിലെ യുവാവിന്റെ നൊമ്പരപ്രാർത്ഥനയുടെ ശബ്ദങ്ങൾ ഉയരാൻ തുടങ്ങി.

സ്നേഹമുള്ളവരേ, കാൽവരിയും, വിധിയുടെ അകത്തളങ്ങളും, കുരിശിന്റെ വഴികളും, ഗത്സമെനും, ഈ ദുഃഖവെള്ളിയാഴ്ച നമ്മുടെ കൊച്ചു വീടും പ്രാർത്ഥനാമുറികളുമായി മാറുകയാണ്. അത്ര സുഖിക്കാത്ത, വേദനാജനകമായ ദുഃഖവെള്ളിയാഴ്ച അനുഭവങ്ങൾ. കയ്പ്പുനീരു പോലെ രുചിച്ചിറക്കാൻ നമുക്കും ഭാഗ്യം സിദ്ധിച്ചിരിക്കുകയാണ്. കുരിശിന്റെ ചുവട്ടിൽ കണ്ടു പഴകിയ മാറത്തടിച്ചു വിലപിച്ച സ്ത്രീജനങ്ങളുടെയിടയിൽ നമ്മിൽ പലരെ കണ്ടാലും അത്ഭുതപ്പെടാനില്ല. കാരണം, കുരിശാണ് രക്ഷ; കുരിശിലാണ് രക്ഷയെന്ന് ആ സഹനത്തിന്റെ ക്വാറന്റെൻ ദിനങ്ങൾ നമ്മെ പഠിപ്പിച്ചുകഴിഞ്ഞു.

ഈശോയുടെ കുരിശുമരണസമയത്ത് ഒരുപാട് പേർ കാഴ്ച കാണാൻ തിങ്ങിക്കൂടിയിരുന്നു. എന്നാൽ, അവർ തിരിച്ചുമടങ്ങിയത് മാറത്തടിച്ച് വിലാപവുമായിട്ടാണ്. കാഴ്ച കാണാൻ കൂടിയവർക്കുപോലും മാനസാന്തരം സംഭവിക്കുന്നതാണ് കാൽവരി. വേണ്ടപ്പെട്ടവർ കൈയ്യൊഴിഞ്ഞപ്പോൾ ഇവൻ സത്യമായും ദൈവപുത്രനാണ് എന്ന് ധൈര്യപൂർവ്വം ഏറ്റുപറഞ്ഞ വിജാതീയനായ മനുഷ്യന്റെ വെളിപാടുകൾക്ക് സാക്ഷ്യം വഹിക്കുന്നതാണ് കാൽവരി.

ദൈവപുത്രന്റെ മരണത്തിനു സാക്ഷ്യം വഹിച്ച് ചങ്കുപറിഞ്ഞ് പ്രകൃതി നൃത്തമാടിയതിന്റെ മധുരസ്മരണകൾ നിറഞ്ഞതാണ് കാൽവരി. ഇത് ഒരു വലിയ ഓർമ്മപ്പെടുത്തൽ തന്നെയാണ്. ഇറ്റലിയിലും, ന്യൂയോർക്കിലും, സ്പെയിനിലും, യുകെ - യിലുമൊക്കെ കുരിശിന്റെ വഴികളിൽ കണ്ണീർക്കണങ്ങൾ നിറഞ്ഞുനിൽക്കും. ഭവനങ്ങളിലെ തറയിൽ കണ്ണീർതുള്ളികൾ കെട്ടിനിൽക്കുന്നുണ്ടാവും. കാരണം, അവർ തിരിച്ചറിഞ്ഞിരിക്കുന്നു, ദുഃഖവെള്ളി എന്റെ സഹനങ്ങളുടെ ആഘോഷമാണ്; കുരിശ് എന്റെ വേദനയുടെ പരിഹാരമാണ് എന്ന്. കാൽവരി ഇവിടെത്തന്നെയാണ്.

പ്രിയസ്നേഹിതരേ, ഈ ദുഃഖവെള്ളിയാഴ്ച ഭവനങ്ങളിൽ നാം തിരുക്കർമ്മങ്ങൾ ആഘോഷിക്കുമ്പോൾ കാൽവരി സംഭവങ്ങളോർക്കാം. എന്റെ ജീവിതത്തിൽ നിന്നും മാറ്റിനിർത്തി ആചരിക്കേണ്ട ഒന്നല്ല അത്. അവന്റെ മുറിവുകൾ എന്റെ മുറിവുകൾ തന്നെയാണ്; അവന്റെ ഏകാന്തതകൾ എന്റെ ഏകാന്തതകൾ തന്നെയാണ്. ഈ ദുഃഖവെള്ളിയെങ്കിലും അവന്റെ മുറിവുകളിലൊരെണ്ണമെങ്കിലും എന്റെ/ നമ്മുടെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണം. അവന്റെ ക്ഷതങ്ങളാലാണ് നാം രക്ഷിക്കപ്പെടുക. ഇന്നും ശരിക്കും ക്രിസ്തു വീണ്ടുംവീണ്ടും ക്രൂശിക്കപ്പെടുന്നുണ്ട്.

വി. ജോൺ വിയാനി പുണ്യാളൻ പറയും, “നാം പാപം ചെയ്യുമ്പോൾ അവന്റെ മുറിവുകളുടെ ആഴം വർദ്ധിപ്പിക്കുകയാണെന്ന്.” നമുക്കൊരു ശിമയോനാകേണ്ടേ..! അദ്ധ്വാനത്തിന്റെ തീച്ചൂളയിൽ നിന്ന് കയറിവന്ന്, അവന്റെ കുരിശിൽ പങ്കുപറ്റിയ ശിമയോൻ. നമുക്കൊരു വേറോനിക്കയാവണ്ടേ..! അവന്റെ മുറിവുകൾ ഒപ്പിയെടുത്തവൾ; മുറിവണിഞ്ഞ മുഖം ഹൃദയത്തിൽ പകർത്തിയ പുണ്യവനിത. പരിശുദ്ധ അമ്മയെപ്പോലെ അവനെ ആശ്വസിപ്പിക്കാൻ ഒരുങ്ങുന്ന ഒരു ഹൃദയം നമുക്കും ഉണ്ടാകണ്ടേ! വേണം. കാരണം, കാൽവരി വഴി എന്റെ ഭവനത്തിലാണ്. ക്വാറന്റെൻ എനിക്കു സമ്മാനിച്ചത് ഒരു ക്രൂശിതനെയാണ്. ആ ക്രൂശിതന്റെ വഴിയിലൂടെയുള്ള യാത്രയിൽ ശിമയോനും വേറോനിക്കയും പരിശുദ്ധ അമ്മയും വിജാതീയനുമൊക്കെയാകേണ്ടവൻ ഞാൻ തന്നെയാണ്.

യുവജനങ്ങളുടെ ഈശോയില്ല. അൾത്താര ബാലന്മാരുടെ സ്കിറ്റ് ഇല്ല, ഗായകസംഘത്തിന്റെ ‘അവനെ ക്രൂശിക്കുക’ എന്ന അലമുറയിടലില്ല, കപ്യാരിന്റെ യൂദാസില്ല... എല്ലാം ഞാൻ തന്നെ. ദുഃഖവെള്ളിയുടെ ക്രൂശീകരണവും രക്ഷയും എന്റെ വീട്ടിൽ തന്നെയാണ്.